ഉത്തരം

(എ) സ്പെഷ്യൽ റിക്രൂട്ട്മെന്റുവഴി നിയമനം നടത്തുന്നതിനു ഇതുവരെയായി 373 ഗസറ്റഡ് പോസ്റ്റുകളും സംവരണം ചെയ്തിട്ടുള്ളതിൽ 1-8-1977 വരെ 164 തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്.

(ബി) റവന്യു കമ്മിറ്റിയിൽ ചർച്ച ചെയ്തശേഷം തീരുമാനിക്കേണ്ട കാര്യമാണിത്.

ട്രഷറി വകുപ്പിലെ സ്റ്റേറ്റ് യൂണിറ്റ് സിസ്റ്റം

1136 [1814] ശ്രീ. ചടയൻ ഗോവിന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) ട്രഷറി വകുപ്പിലെ യൂണിറ്റ് സിസ്റ്റം മാറ്റി സ്റ്റേറ്റ് യൂണിറ്റ് സിസ്റ്റം അംഗീകരിക്കണമെന്ന നിർദ്ദേശത്തെപ്പറ്റി സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(സി) ഇതിൻമേലുള്ള സർക്കാരിന്റെ നിർദ്ദേശങ്ങളും സംഘടനകൾക്ക് നൽകിക്കൊണ്ട് അവരുമായി ഇനിയെങ്കിലും ചർച്ച നടത്തുമോ ?

ഉത്തരം

(എ) നടത്തിയിട്ടില്ല.

(ബി) അതിന്റെ ആവശ്യമുണ്ടെന്നു തോന്നിയില്ല.

(സി) ഇതിന്റെയും ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയില്ലെന്ന പരാതി

1136 [1815] ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) പൊതുമരാമത്തു വകുപ്പിൽ നിലവിലിരുന്ന യൂണിറ്റ് സിസ്റ്റം നിറുത്തലാക്കിയപ്പോഴും ഹെൽത്ത് സർവ്വീസ് വകുപ്പിലെ ചില തസ്തികകൾ സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലേക്കു മാറ്റിയപ്പോഴും സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തണമെന്ന് അവർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സർവ്വീസ് സംഘടനകളുടെ ഈ ആവശ്യം പരിഗണിക്കുകയുണ്ടായോ ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) ഈ കാര്യത്തിൻമേൽ ജീവനക്കാർ കോടതിയെ സമീപിച്ചിട്ടുണ്ടോ ;

(ഇ) കോടതിയെ സമീപിക്കേണ്ടിവന്ന സാഹചര്യം ഒഴിവാക്കാൻ നടപടികളെന്തെങ്കിലും സ്വീകരിച്ചുവോ ?

LIBRARY ARCHIVES Kerala Legislative Assembly